പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2264 13.02.2013-ൽ മറുപടിയ്ക്ക്

## ടൈം ഓഫ് ദ ഡേ(ടി.ഒ.ഡി.)മീറ്റർ സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി .ഗീതാഗോപി<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ.രാജു | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര വൈദ്യുതി ഉപഭോക്താക്കളെ ടൈം ഓഫ് ദ ഡേ(ടി.ഒ.ഡി.)മീറ്റർ സമ്പ്രദായത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 25.07.2012 ലെ താരിഫ് റിവിഷൻ ഉത്തരവിൻ പ്രകാരം 01.01.2013 മുതൽ ശരാശരി മാസ ഉപഭോഗം 500 യൂണിറ്റിന് മുകളിൽ വരുന്ന 10472 ത്രീഫേസ് ഗാർഹിക ഉപഭോക്താക്കളുടെ ബില്ലിംഗിന് ToD (ടൈം ഓഫ് ഡെ) സമ്പ്രദായം വൈദ്യുതി ബോർഡ് നടപ്പാക്കി. ഹൈടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ ബില്ലിംഗിന് ToD (ടൈം ഓഫ് ഡെ) സമ്പ്രദായം നേരത്തെതന്നെ നിലവിലുണ്ട്. |
| (ബി) ഈ മീറ്റർ ഘടിപ്പിക്കുന്നതിന് വൈദ്യുത ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (ബി) 2012 ജൂലൈ 1 - തീയതി മുതൽ 2012 ഡിസംബർ 31 - തീയതി വരെയുള്ള കാലയളവിലെ ശരാശരി ഉപഭോഗം (500 യൂണിറ്റിന് മുകളിൽ) പരിശോധിച്ചാണ് ത്രീ ഫേസ് ഗാർഹിക ഉപഭോക്താക്കളുടെ ബില്ലിംഗിന് ToD |

(......2)

(ടൈം ഓഫ് ഡേ) സ്വീകരിക്കുന്നത്. എന്നാൽ പിന്നീട് പ്രതിമാസ ഉപഭോഗം 500 യൂണിറ്റിൽ താഴെ വരുന്ന പക്ഷം പ്രസ്തുത ഉപഭോക്താക്കളെ പ്രസ്തുത മാസങ്ങളിൽ റ്റി.ഒ.ഡി (ToD) ബില്ലിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്. തുടർന്നുള്ള ഓരോ അർദ്ധവാർഷിക കാലയളവിലെ ഉപഭോഗം കണക്കിലെടുത്ത് ആവശ്യമായ ക്രമീകരണം നടപ്പാക്കുന്നതാണ്.

(സി) ഇത്തരം വൈദ്യുത ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്ന രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ;

(സി) റ്റി.ഒ.ഡി. സമ്പ്രദായത്തിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ഗാർഹിക ഉപഭോക്താക്കളുടെ നിരക്കുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| സമയക്രമം | ദൈർഘ്യം | ഗുണനക്രമവും നിരക്കും |
|---|---|---|
| 6 എ.എം മുതൽ 6 പി.എം വരെ | 12 മണിക്കൂർ | സാധാരണ നിരക്ക് (യൂണിറ്റിന് 6.50 രൂപ) |
| 6 പി.എം മുതൽ 10 പി.എം വരെ | 4 മണിക്കൂർ | 1.2 x സാധാരണ നിരക്ക് |
| 10 പി.എം മുതൽ 6 എ.എം വരെ | 8 മണിക്കൂർ | 0.9x സാധാരണ നിരക്ക് |

(..........3)

(ഡി) ഇത്തരം ഉപഭോക്താക്കളെ കണ്ടെത്തി അധിക ചാർജ്ജ് ഈടാക്കുന്നതുമൂലം എത്ര അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) [illegible] ബോർഡിന്റെ അധിക വരുമാനം ലക്ഷ്യം വച്ചല്ല മറിച്ച് സന്തുലിത വരുമാനം ലക്ഷ്യം വച്ചാണ് റ്റി.ഒ.ഡി സമ്പ്രദായം നടപ്പിലാക്കുന്നത്. മാത്രമല്ല, കുറഞ്ഞത് ആറുമാസത്തെ റീഡിംഗ് അവലോകനം ചെയ്താൽ മാത്രമേ വരുമാനത്തിലെ വ്യതിയാനങ്ങൾ മനസിലാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വരുമാനത്തിലെ ഏറ്റക്കുറച്ചിലുകൾ ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുകയില്ല.

സെക്ഷൻ ഓഫീസർ